# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 170 — 03.10.2016 ൽ - മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>,, കെ. മുരളീധരൻ<br>,, വി.ഡി. സതീശൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കിയില്ലെങ്കിൽ എ.പി.എൽ. റേഷൻ സബ്സിഡി നിർത്തലാക്കു മെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അന്ത്യശാസനം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കിയില്ലെങ്കിൽ എ.പി.എൽ വിഭാഗത്തിനുള്ള ഭക്ഷ്യ ധാന്യം എം.എസ്.പി. വിലയിൽ സംസ്ഥാനം വാങ്ങേണ്ടിവരുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊളളാൻ ഉദ്ദേശിക്കുന്നത് ; | (ബി) | ഭക്ഷ്യ സുരക്ഷാ നിയമം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുകയും അത് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തി ട്ടുണ്ട്. കൂടാതെ, ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് വരെ സബ്സിഡി നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ സംസ്ഥാനത്തിന് നൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | കേന്ദ്രം അനുവദിച്ചു നൽകിയ സമയ പരിധിക്കുളളിൽ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാന സർക്കാർ ചെയ്യേണ്ടതായിട്ടുളളത്; വിശദാംശങ്ങൾ നൽകുമോ? | (സി) | 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-07-2013 ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013ലെ സ.ഉ.(കൈ) നം.53/2013/ഭ.സി.സ.വ. പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ സമയബന്ധിതമായി തുടർ നടപടികൾ പൂർത്തിയാക്കിയിരുന്നില്ല. അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ **(identification of priority households)**, വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം **(door steps delivery)**, റേഷൻ സാധനങ്ങളുടെ സംഭരണവും വിതരണവും പൂർണ്ണമായും കമ്പ്യൂട്ടർശൃംഖല വഴി ക്രമീകരിക്കുക **(End to End Computerisation)**, പരാതി പരിഹാര സംവിധാനം **(Grievance Redressal Mechanism)** എന്നിവ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം വിഭാവനം ചെയ്യുന്ന പ്രകാരം നടപ്പിലാക്കുന്നതിനുളള പ്രവർത്തനങ്ങൾ ഇപ്പോൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |

*സെക്ഷൻ ഓഫീസർ*